# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ.

**Prime Minister Narendra Modi will share his thoughts with the people of the country in the Mann Ki Baat programme on Akashvani, tomorrow.**

2. മത്സ്യ ഉത്പാദനത്തിൽ രാജ്യത്ത് കഴിഞ്ഞ ദശാബ്ദത്തിൽ 126 ശതമാനം വർദ്ധന ഉണ്ടായതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ തൃശ്ശൂരിൽ.

**Union Minister of State George Kurian said in Thrissur that there has been a 126 percent increase in fish production in the country in the last decade.**

3. ജമ്മു കശ്മീരിൽ ഉൾപ്പെടെ പാകിസ്ഥാൻ തുടരുന്ന മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണമെന്ന് ഇന്ത്യ.

**India has called upon Pakistan to end the grave and ongoing human rights violations in places including Jammu and Kashmir.**

4. ഗ്രേ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയെങ്കിലും തീവ്രവാദ ധനസഹായം ഉൾപ്പടെയുള്ളവ തുടരാൻ ശ്രമിക്കരുതെന്ന് പാകിസ്ഥാന് മുന്നറിയിപ്പ് നൽകി സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള കർമ്മ സേന.

**Financial Action Task Force warns Pakistan that its removal from grey list does not make it immune to money laundering and terrorist financing.**

**5. കേരളത്തിൽ ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

**IMD has predicted that heavy rain and wind will continue in Kerala. Fishing banned on the Kerala- Lakshadweep - Karnataka coasts today and tomorrow.**

**6. ഇന്ത്യ- ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യക്ക് 237 റൺ വിജയലക്ഷ്യം.**

**In cricket, Australia has set a target of 237 for India in the last match of ODI series.**

*************************

## MANN KI BAAT

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ 11 മണിക്ക് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും.

*************************

## MOS GEORGE KURIAN-KERALA (INTRO)

മത്സ്യ ഉത്പാദനത്തിൽ രാജ്യത്ത് കഴിഞ്ഞ ദശാബ്ദത്തിൽ 126 ശതമാനം വർദ്ധന ഉണ്ടായതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. തൃശ്ശൂരിൽ മത്സ്യബന്ധന മേഖലാ ബോധവത്കരണ പരിപാടിയുടെ കീഴിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളുമായി സംവദിക്കുകയായരുന്നു കേന്ദ്ര സഹമന്ത്രി. മത്സ്യ ഉത്പാദന

സംസ്കരണ മേഖലയിൽ ലോകത്തെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഐടി മേഖല കഴിഞ്ഞാൽ വികസന കാര്യത്തിൽ രണ്ടാം സ്ഥാനത്താണ് മത്സ്യബന്ധന മേഖല, അതിനാൽ രാജ്യത്തെ എല്ലാ മത്സ്യത്തൊഴിലാളികളെയും ആദരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ്)

*************************

## ECI-ADVISORY

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി രാഷ്ട്രീയ പ്രചാരണത്തിൽ നിർമ്മിത ബുദ്ധിയുടെയും കൃത്രിമ ഉള്ളടക്കത്തിന്റെയും ഉപയോഗം സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം പുറപ്പെടുവിച്ചു. പ്രചാരണ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതോ പ്രചരിപ്പിക്കുന്നതോ ആയ എ ഐ ദൃശ്യങ്ങൾ, ചിത്രം, ഓഡിയോ എന്നിവ വ്യക്തമായി ലേബൽ ചെയ്യാൻ കമ്മീഷൻ രാഷ്ട്രീയ പാർട്ടികളോടും സ്ഥാനാർത്ഥികളോടും ആവശ്യപ്പെട്ടു. കൂടാതെ, അത്തരം ഉള്ളടക്കം സൃഷ്ടിച്ച സ്ഥാപനത്തിന്റെ പേര് വ്യക്തമായി വെളിപ്പെടുത്തണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

*************************

## PM SHRI - KERALA

പിഎം ശ്രീ പദ്ധതി നടപ്പാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവെച്ചതിന് കേരളാ സർക്കാരിനെ അഭിനന്ദിച്ച് വിദ്യാഭ്യാസ മന്ത്രാലയം. നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ഇത് സഹായിക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി. അതേസമയം, വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട കേന്ദ്ര ഫണ്ട് നഷ്ടമാകാതിരിക്കാനാണ് പിഎം ശ്രീ പദ്ധതിയിൽ ഒപ്പുവച്ചതെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

*************************

## CHHATH PUJA

നാല് ദിവസം നീണ്ടുനിൽക്കുന്ന ഛഠ് പൂജ ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം. പ്രകൃതിയെ ആരാധിക്കുന്നതിന്റെ പ്രതീകമായി സൂര്യദേവന് സമർപ്പിച്ചിരിക്കുന്ന ഉത്സവമാണിത്. ഉത്സവത്തോടനുബന്ധിച്ച് ഭക്തർ പ്രത്യേക പ്രാർഥനകളും ഉപവാസവും നടത്തും. രാജ്യത്തുടനീളമുള്ള ഭക്തർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു.

*************************

## RAILWAY-CHHATH POOJA

ഛഠ് പൂജ ആഘോഷങ്ങളോടനുബന്ധിച്ച് വിപുലമായ യാത്രാ സൗകര്യം ഒരുക്കി ഇന്ത്യൻ റെയിൽവേ . യാത്രക്കാരുടെ ബാഹുല്യം പരിഗണിച്ച് 6,181 പ്രത്യേക ട്രെയിൻ സർവീസുകളാണ് റെയിൽവേ ഏർപ്പെടുത്തിയിരിക്കുന്നത്. ഈ മാസം 28 മുതൽ നവംബർ വരെ അധിക സർവീസുകൾ തുടരുമെന്ന് റെയിൽവേ ബോർഡ് അറിയിച്ചു . ബീഹാറിൽ ഏകദേശം 30 സ്റ്റേഷനുകൾ , ഹോൾഡിംഗ് ഏരിയകൾ, അധിക ടിക്കറ്റ് കൗണ്ടറുകൾ, സിസിടിവി നിരീക്ഷണ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്

*************************

## GOVT-NPS UPS INVESTMENT

നാഷണൽ പെൻഷൻ സിസ്റ്റം, യൂണിഫൈഡ് പെൻഷൻ സ്കീം എന്നിവയ്ക്ക് കീഴിലുള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്ക് LC 75, BLC നിക്ഷേപ അവസരങ്ങൾ വിപുലീകരിക്കുന്നതിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. സർക്കാരിതര വരിക്കാർക്ക് ലഭ്യമാകുന്നതുപോലെ വിശാലമായ നിക്ഷേപ അവസരങ്ങൾ വേണമെന്ന ജീവനക്കാരുടെ ദീർഘകാല ആവശ്യം പരിഗണിച്ചാണ് തീരുമാനം. ഇതോടെ വ്യക്തിഗത മുൻഗണനകളെ

അടിസ്ഥാനമാക്കി വിരമിക്കൽ സമ്പാദ്യം കൈകാര്യം ചെയ്യുന്നതിന് കൂടുതൽ നിക്ഷേപ പദ്ധതികൾ തെരഞ്ഞെടുക്കാൻ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അവസരമൊരുങ്ങും.

************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************

## SABARIMALA INVESTIGATION TEAM

ശബരിമല സ്വർണ്ണപ്പാളി ക്രമക്കേട് കേസിൽ ജസ്റ്റിസ് കെ.ടി ശങ്കരന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ആറന്മുള സ്ട്രോങ്ങ് റൂമിൽ പരിശോധന ആരംഭിച്ചു. അഞ്ചംഗ സംഘമാണ് പരിശോധനയ്ക്കായി എത്തിയിട്ടുള്ളത്. കേസിൽ ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂരിയാണ് ജസ്റ്റിസ് കെ.ടി ശങ്കരൻ. അദ്ദേഹത്തിൻ്റെ നേതൃത്വത്തിൽ ഈ മാസം മൂന്നു ദിവസം ശബരിമലയിലും പരിശോധന നടന്നിരുന്നു.

************************

## BJP – SECRETARIAT

ശബരിമലയിലെ സ്വർണ്ണപ്പാളി ക്രമക്കേടിൽ ബിജെപിയുടെ രാപ്പകൽ സെക്രട്ടേറിയറ്റ് ഉപരോധം തുടരുന്നു. സമരക്കാർക്കിടയിലൂടെ കടന്നു പോകാൻ ശ്രമിച്ച ഓട്ടോറിക്ഷ, തടഞ്ഞതിനെ തുടർന്ന് വാക്ക് തർക്കവും സംഘർഷവും ഉണ്ടായി. ഇന്നലെ രാത്രി ഏഴു മണിയോടെയാണ് സെക്രട്ടേറിയറ്റിന് മുന്നിൽ ബിജെപിയുടെ ഉപരോധ സമരം ആരംഭിച്ചത്.

************************

## RAIN -KERALA

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കൻ ജില്ലകളിൽ പുലർച്ചെ കനത്ത മഴ അനുഭവപ്പെട്ടു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള തീരത്ത് ഇന്നും നാളെയും ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ഈ മാസം 28 വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*************************

## INDIA-UN-PAK END VIOLATION

പാകിസ്ഥാൻ നിയമവിരുദ്ധമായി കൈവശപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ജമ്മു കശ്മീരിൽ, തുടരുന്ന ഗുരുതര മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിക്കണമെന്ന് ഇന്ത്യ പാകിസ്ഥാനോട് ആവശ്യപ്പെട്ടു. ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിലിൽ സംഘടിപ്പിച്ച 'ഐക്യരാഷ്ട്രസഭ സംഘടന: ഭാവിയിലേക്ക് നോക്കുന്നു' എന്ന തുറന്ന ചർച്ചയെ അഭിസംബോധന ചെയ്യവെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവ്വതനേനി ഹരീഷാണ് ഇക്കാര്യം വ്യക്തമാക്കിയത്. ജമ്മു കശ്മീർ എല്ലായ്പ്പോഴും ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.

*************************

## FATF HAS WARNED PAKISTAN

ഗ്രേ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യപ്പെട്ടെങ്കിലും കള്ളപ്പണം വെളുപ്പിക്കൽ, തീവ്രവാദ ധനസഹായം എന്നിവ തുടരാൻ ശ്രമിക്കരുതെന്ന് പാകിസ്ഥാന് മുന്നറിയിപ്പ് നൽകി സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള കർമ്മ സേന. 2022 ഒക്ടോബറിലാണ് ഗ്രേ ലിസ്റ്റിൽ നിന്ന് പാകിസ്ഥാനെ നീക്കം ചെയ്തത്. ഫ്രാൻസിൽ നടന്ന ഒരു പത്രസമ്മേളനത്തിൽ, FATF

പ്രസിഡന്റ് എലിസ ഡി ആൻഡ മദ്രാസോയാണ് ഇക്കാര്യം പറഞ്ഞത്.

************************

## SAAF – RANCHI (INTRO)

റാഞ്ചിയിൽ നടക്കുന്ന സാഫ് സീനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ആതിഥേയരായ ഇന്ത്യയ്ക്ക് ഉജ്വല തുടക്കം. മത്സരത്തിന്റെ ആദ്യ ദിനത്തിൽ ഇന്ത്യക്ക് അഞ്ചു സ്വർണം ഉൾപ്പെടെ 14 മെഡലുകൾ. **വിശദാംശങ്ങളിലേക്ക് ...**

**(വോയ്സ്)**

*അഞ്ച് സ്വർണവും ആറ് വെള്ളിയും മൂന്ന് വെങ്കലവുമാണ് ഇന്ത്യൻ താരങ്ങൾ ആദ്യ ദിനം നേടിയത്. അയ്യായിരം മീറ്റർ ഓട്ടത്തിൽ പുരുഷ വിഭാഗത്തിൽ പ്രിൻസ് കുമാർ ഇന്ത്യക്ക് വേണ്ടി ആദ്യ സ്വർണം നേടി. അയ്യായിരം മീറ്റർ വനിത വിഭാഗത്തിൽ സഞ്ജന സിംഗും സ്വർണമണിഞ്ഞു. ഷോട്ട്പുട്ടിലും 4 x 400 മീറ്റർ മിക്സഡ് റിലേയിലും ഇന്ത്യൻ താരങ്ങൾ ആധിപത്യം പുലർത്തി. വനിതകളുടെ ട്രിപ്പിൾ ജമ്പിൽ പൂർവ്വ സാവന്ത് വെള്ളി നേടി.അതെ സമയം ട്രിപ്പിൾ ജമ്പിൽ മലയാളി താരം സെബാസ്റ്റ്യൻ.വി.എസ് വെങ്കലം നേടി. ആദ്യമായാണ് സെബാസ്റ്റ്യൻ ഇന്ത്യൻ ജേഴ്സി അണിഞ്ഞ് മത്സരിക്കാനിറങ്ങുന്നത്. സെബാസ്റ്റ്യന് അടുത്ത ഒളിംപിക്സ് ടീമിൽ ഇടം നേടാനാവട്ടെ എന്ന് ഉന്നത വിദ്യഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു ആശംസിച്ചു. ന്യൂസ് ഡസ്ക്, ആകാശവാണി.*

************************

## MENS CRICKET ODI

ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യയ്ക്ക് 237 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയ 20 ബോൾ ബാക്കി നിൽക്കെ 236

റൺസിൽ എല്ലാവരും പുറത്തായി. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ രണ്ടെണ്ണം ജയിച്ച ഓസ്ട്രേലിയ പരമ്പര സ്വന്തമാക്കിയിരുന്നു.

*************************

## STATE SPORTS FESTIVAL

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1319 പോയിന്റുമായാണ് ആതിഥേയർ ഒന്നാം സ്ഥാനത്ത് തുടരുന്നത്. 602 പോയിന്റുമായി തൃശൂർ രണ്ടാമതും 544 പോയിന്റുമായി പാലക്കാട് മൂന്നാമതുമാണ്. ഗെയിംസിലും നീന്തലിലും തിരുവനന്തപുരമാണ് മുന്നിൽ. മേളയിൽ നീന്തൽ മത്സരങ്ങൾ ഇന്ന് അവസാനിക്കും. 18 ഫൈനലുകളാകും ഇന്ന് നീന്തലിൽ നടക്കുക

*************************

## EKTA DIWAS

ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിൻറെ ജന്മവാർഷിക സ്മരണയിൽ ഒക്ടോബർ 31-ന് രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷിക്കാനൊരുങ്ങി രാജ്യം. ആഘോഷത്തിന്റെ ഭാഗമായി ഗുജറാത്തിലെ ഏകതാ നഗറിൽ പ്രൗഢമായ പരേഡും സാംസ്കാരികോത്സവവും സംഘടിപ്പിക്കും. പ്രധാനമന്ത്രിക്ക് നൽകുന്ന ഗാർഡ് ഓഫ് ഓണറിന് ഇത്തവണ വനിതാ ഉദ്യോഗസ്ഥയാണ് നേതൃത്വം നൽകുക.

*************************

## GST REFORMS – HOUSING

അടുത്ത തലമുറ GST പരിഷ്കാരങ്ങൾ ഭവന, നിർമ്മാണ മേഖലയ്ക്ക് വലിയ ഉത്തേജനം നൽകി. മാർബിൾ, ഗ്രാനൈറ്റ് ബ്ലോക്കുകളുടെ GST നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് ഫിനിഷിംഗ്, ഫ്ലോറിംഗ് ചെലവുകൾ കുറച്ചു. സിമെൻറ്, മണൽ-

കുമ്മായം, ഇഷ്ടിക എന്നിവയുടെ GST നിരക്കിലെ ഇളവ് അടിസ്ഥാന സൗകര്യ വികസനം കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റി.

************************

## US-KOREA-TRADE DEAL

ഉചിതമായ നടപടികൾ സ്വീകരിക്കാൻ തയ്യാറായാൽ ദക്ഷിണ കൊറിയയുമായി വ്യാപാര കരാറിലെത്താൻ തയ്യാറാണെന്ന് അമേരിക്ക. ദക്ഷിണ കൊറിയയിലെ ഗ്യോങ്ജുവിൽ നടക്കുന്ന ഏഷ്യ-പസഫിക് സാമ്പത്തിക സഹകരണ ഉച്ചകോടിയിൽ ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെയ് മ്യുങ്ങും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും കൂടിക്കാഴ്ച നടത്തുമെന്നാണ് പ്രതീക്ഷ. ഈ മാസം 31 മുതൽ അടുത്ത മാസം ഒന്നു വരെയാണ് ഉച്ചകോടി . ദക്ഷിണ കൊറിയയുമായുള്ള കപ്പൽ നിർമ്മാണത്തിൽ സഹകരണം ശക്തിപ്പെടുത്തുന്നതിൽ ട്രംപ് ഭരണകൂടത്തിന്റെ താൽപ്പര്യവും യുഎസ് അറിയിച്ചു.

************************

## NBA RELEASED

ദേശീയ ജൈവവൈവിധ്യ അതോറിറ്റി യുപിയിലെയും സിക്കിമിലെയും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾക്ക് 18.3 ലക്ഷം രൂപ അനുവദിച്ചു. 2002 ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആക്സസ് ആൻഡ് ബെനിഫിറ്റ് ഷെയറിംഗ് തുകയാണ് ഇത്. ഫണ്ടുകൾ അതത് സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡുകൾ വഴി നേരിട്ട് രണ്ട് ബിഎംസികളിലേക്ക് നേരിട്ട് കൈമാറി.

****************************************************************************************
********************************************************************